(8) 2004-ലെ കേരള പാറ ക്വാറി-ക്രഷർ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-ലെ കേരള പാറ ക്വാറി-ക്രഷർ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) : സർ, സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി പാറ ക്വാറികളിലും ക്രഷറുകളിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഞ്ചു ലക്ഷത്തോളം തൊഴിലാളികളുണ്ടെന്നാണ് ഈ ബില്ലിൽ പറയുന്നത്. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനായി എന്തു തുക ചെലവുവരുമെന്ന് ഈ ബില്ലിൽ പ്രതിപാദിച്ചിട്ടില്ല. തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ പുതുതായി ക്ഷേമനിധി രൂപീകരിക്കുന്നതിന് വേണ്ടത്ര തൊഴിലാളികളുണ്ടോ എന്നുള്ളത് നാം കണ്ടുപിടിക്കേണ്ടതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള കേരള കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി ക്ഷേമ പദ്ധതിയിൽ ഈ വിഭാഗം തൊഴിലാളികളെ അംഗങ്ങളാക്കാമെന്നുള്ളതാണ്, കൂടാതെ കേന്ദ്ര സർക്കാർ ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള അസംഘടിത തൊഴിലാളികൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയിലെ തൊണ്ണൂറിരണ്ടാമത്തെ വിഭാഗമായി ക്വാറി വർക്കേഴ്സിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാരണത്താൽ പാറ ക്വാറി-ക്രഷർ തൊഴിലാളികൾക്കു മാത്രമായി ഒരു പുതിയ നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല. ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, പരിശുദ്ധമായ ജുമാ ദിവസം നമ്മുടെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ കരാമത്ത് കണ്ട് ഞാൻ വ്യസനിക്കുകയാണ്. പുണ്യ പ്രവൃത്തി ചെയ്യേണ്ട ഈ ദിവസങ്ങളിൽ അദ്ദേഹം ഈ രാജ്യത്തെ അസംഘടിതരും വളരെ ദുർബല വിഭാഗത്തിൽപ്പെട്ടവരുമായ തൊഴിലാളികൾക്കുവേണ്ടിയുള്ള നിയമ നിർമ്മാണങ്ങൾക്കു വേണ്ടിയോ ആനുകൂല്യങ്ങൾക്കുവേണ്ടിയോ ഉള്ള ഒരു ബിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും അതിനെ എതിർത്ത് അവസാനം നമ്മൾ മയ്യത്തായി അങ്ങ് സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ പടച്ചതമ്പുരാൻ നീ എന്തൊക്കെ കരാമത്തുകളാണ് ചെയ്തിട്ടുള്ളതെന്ന് ചോദിക്കുമ്പോൾ ഇതിനെല്ലാം എതിരായിട്ട് നിന്നു എന്നുപറയേണ്ട ഒരവസ്ഥയുണ്ടാകുമല്ലോ എന്നോർത്താണ് എന്റെ സങ്കടം. അദ്ദേഹത്തിന്റെ ഹൃദയം തന്നെ കരിമ്പാറപോലെയായിപ്പോയല്ലോ എന്നാണ് എനിക്ക് സങ്കടത്തോടെ പറയുവാനുള്ളത്. എന്റെ മണ്ഡലത്തിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. എന്റെ മണ്ഡലം മാത്രമല്ല ശ്രീ. എഴുകോൺ നാരായണന്റെ മണ്ഡലമായ നെടുവത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തിലും കൊല്ലം ജില്ലയിലെ ചടയമംഗലത്തും കൊട്ടാരക്കര മണ്ഡലത്തിലുമെല്ലാം ധാരാളം ആളുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ എന്ന സ്ഥലം വ്യാജ വിഷ മദ്യദുരന്തമുണ്ടായ സ്ഥലമെന്ന പേരിലാണ് ഇപ്പോൾ അറിയപ്പെടുന്നത്. ആ സ്ഥലത്തിന്റെ യഥാർത്ഥ പേര് പാറ ജംഗ്ഷൻ എന്നാണ്. എന്താണെന്നു വച്ചാൽ അവിടെ വലിയൊരു പാറയുണ്ടായിരുന്നു. ആ പാറ ഇപ്പോൾ അവിടെ കാണാനില്ല. നിങ്ങൾ കല്ലുവാതുക്കൽ പോകുമ്പോൾ അവിടെ വലതുവശത്തായി ഒരു വലിയ കുളം കാണാം. ആ കുളമുള്ള സ്ഥലം പണ്ട് ഒരു വലിയ പാറയായിരുന്നു. ഇന്ന് ആ പാറ ശ്രീ നാരായണ കോളേജിന്റെ രൂപത്തിലാണ് കാണുന്നത്. കാരണം ആർ. ശങ്കർ ശ്രീനാരായണ കോളേജ് പണിതപ്പോൾ ഈ പാറ മൊത്തത്തിൽ വിലയ്ക്കു വാങ്ങി പാറപൊട്ടിച്ച് കൊണ്ടുപോയി അവിടെ കോൺക്രീറ്റും പില്ലറുമെല്ലാം ഉണ്ടാക്കി. ടെക്നോളജി ഇല്ലാത്ത കാലത്ത് പാറയിട്ടുതന്നെയാണ് നാലുനിലക്കെട്ടിടം പണിതത്. നിർമ്മാണ ആവശ്യങ്ങൾക്ക് ഇന്നേറ്റവും കൂടുതൽ ആശ്രയിക്കുന്ന ഒരു നിർമ്മാണ സാമഗ്രിയാണ് പാറ. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഒരു സജഷൻ എന്താണെന്നു വച്ചാൽ മണലിനു പകരം സമാന്തരമായി സിമന്റിനോടൊപ്പം മിക്സ് ചെയ്യാനുള്ള മെറ്റീരിയലായിട്ട് ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത് പാറപ്പൊടിയാണ്. പാറ പൊടിച്ചുണ്ടാക്കുന്നത് ക്രഷറുകളിലാണ്. അപ്പോൾ ക്വാറികളിൽ വളരെ കഠിനമായ ജോലിയാണ് അവർ ചെയ്യുന്നത്. ഈ അടുത്ത ദിവസങ്ങളിലായി എന്റെ നിയോജകമണ്ഡലത്തിലെ ഒരു പാറ തൊഴിലാളി പാറ തലയിൽ വീണ് തലയ്ക്ക് ക്ഷതമേറ്റ് തലച്ചോറ് കലങ്ങി മരിച്ചു. പോലീസ് അയാളെ രക്ഷിക്കാൻ വേണ്ടി കേസെടുത്തത് എങ്ങനെയാണെന്ന് നിങ്ങൾക്കറിയാമോ? പാറ തലയിൽ വീണ് മരിച്ചതാണെങ്കിൽ അതിന് ക്ഷേമനിധിയൊന്നുമില്ലാത്തതുകൊണ്ട് അവർക്ക് ഒന്നും കിട്ടുകയില്ല. അതുകൊണ്ട് പാറ കൊണ്ടു വന്ന ലോറിയിലെ ഒരു തൊഴിലാളിയാണെന്നും പാറ കൊണ്ടുപോകുന്ന വഴിക്ക് ആ ലോറിയിൽ നിന്ന് തെറിച്ചു താഴെവീണ് തലയിടിച്ചു മരിച്ചുവെന്നും പറഞ്ഞാണ് പോലീസ് കേസെടുത്തിരിക്കുന്നത്. അങ്ങനെയൊരു ആക്സിഡന്റ് കേസായി മാറ്റിയാണ് അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് എണ്ണമില്ല, അളവില്ല എന്നൊക്കെ പറഞ്ഞത് ശരിയായില്ല. കേന്ദ്ര സർക്കാരും കേരള സംസ്ഥാന സർക്കാരും ഇതുസംബന്ധിച്ച് കാലാകാലങ്ങളിൽ ജി. ഒ.-കൾ മാറിമാറി ഇറക്കിയിട്ടുണ്ട്.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u> ജീവൻ പണയംവെച്ച് പണിയെടുക്കുന്ന തൊഴിലാളികൾക്കാവശ്യമായ യാതൊരു സുരക്ഷാസംവിധാനവും ക്വാറികളിലില്ല, ഉടമസ്ഥൻമാർ ഏർപ്പെടുത്താറില്ല. അതുകൊണ്ട് എല്ലാ രേഖകളോടുംകൂടി നടത്തുന്ന ക്വാറികളാണെങ്കിൽ അവിടെ നിശ്ചിത സുരക്ഷാ സംവിധാനമേർപ്പെടുത്തണമെന്നുള്ള കാര്യം അങ്ങയുടെ ബില്ലിൽ സൂചിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തീർച്ചയായിട്ടും ഉണ്ടാകും. എനിക്ക് ഇതിനെക്കുറിച്ച് പറയുവാനുള്ളത് ഈ തൊഴിലാളികൾ ചെയ്യുന്നത് കഠിനമായ ജോലിയാണ്. ഈ പ്രദേശത്ത് മുഖ്യമന്ത്രി പങ്കെടുത്ത ഒരു ചടങ്ങിൽ ഞാൻ ഇക്കാര്യം പറയുകയുണ്ടായി. അവിടെ എന്തുകൊണ്ട് വ്യാജമദ്യവ്യാപനം വന്നുവെന്നു ചോദിച്ചാൽ ചെയ്യുന്ന ജോലിയുടെ കാഠിന്യം കൊണ്ട് പാറ പൊട്ടിച്ച് അര ഇഞ്ച്, മുക്കൽ ഇഞ്ച്, ഒന്നര ഇഞ്ച് അങ്ങനെ വിവിധ തരത്തിലുള്ള ചല്ലികളാക്കുന്ന ഈ ജോലി കഴിഞ്ഞ്, വൈകുന്നേരമാകുമ്പോൾ മേലാകെ വരിഞ്ഞു മുറുകുമ്പോൾ അൽപ്പം സോമരസപാനം ഉപയോഗിച്ചു പോകുന്നതിൽ നമുക്ക് അവരെ കുറ്റപ്പെടുത്തുവാൻ കഴിയാത്ത ഒരു സാഹചര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പകുതിയിലേറെ ക്വാറികൾക്കും ക്രഷർ മേഖലകൾക്കും ലൈസൻസ് ഇല്ലായെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഈവക കാര്യങ്ങൾക്ക് ലൈസൻസ് കൊടുക്കാനുള്ള ഉദ്യോഗസ്ഥൻമാർ ഇതൊരു ഖനിപോലെയാണ് കാണുന്നത്. ഉദാഹരണത്തിന് ജിയോളജി ആന്റ് മൈനിംഗ് വകുപ്പ്, ബ്രിട്ടീഷുകാരുടെ കാലത്ത് ഈ വകുപ്പൊക്കെ ഗവേഷണപരമായി ഈ കാര്യങ്ങളിൽ എങ്ങനെ സഹായിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ളതായിരുന്നു. ഇന്ന് അങ്ങനെയല്ല. ഇതൊക്കെ ഓരോ പീഡന വകുപ്പുകളാണ്. പീഡന വകുപ്പുകളെന്നു പറഞ്ഞാൽ സ്ഥിരമായി മാസംതോറും പടികൾ കൃത്യമായി എത്തിച്ചു കൊടുത്താൽ അവർക്കൊക്കെ ലൈസൻസ്. അവർക്ക് ജാക്ക് ഹാമർ ഉപയോഗിച്ച് പാറപൊട്ടിക്കാം, കൊണ്ടുപോകുന്നതിന് ലൈസൻസും വേണ്ട.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ക്വാറികളെക്കുറിച്ചും കല്ലിൽ പണിയെടുക്കുന്ന ആളുകളെക്കുറിച്ചുമൊക്കെയാണ് ഗൗരവത്തിൽ ഇവിടെ സംസാരിച്ചു കൊണ്ടിരിക്കുന്നത്. സത്യം പറഞ്ഞാൽ

"കല്ലുകൊണ്ടോ മനം താപകമെങ്കില
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ"
എന്നുള്ളതാണ് സത്യം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഒരാൾക്കെങ്കിലും മനസ്സലിഞ്ഞല്ലോ. "മുല്ലപ്പൂമ്പൊടി ഏറ്റു കിടക്കും കല്ലിനുമുണ്ടാം സൗരഭ്യം" എന്നു പറഞ്ഞതുപോലെ അങ്ങയുടെ അടുത്തിരിക്കുന്ന നമ്മുടെ പാർലമെന്ററികാര്യ

വകുപ്പുമന്ത്രിക്കുകൂടി വ്യാപിക്കട്ടെ എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. ഗവൺമെന്റ് ഏറ്റവുമൊടുവിൽ ഇറക്കിയ എസ്.ആർ.ഒ. നമ്പർ 527/2003 അത് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 11-ാം കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തി കേരള സംസ്ഥാന സർക്കാർ ഏറ്റവും അവസാനമായി പുറപ്പെടുവിച്ച ഉത്തരവിൽ പാറപൊട്ടിക്കലിന് ഒരു റേറ്റ്, ചുമട്ടുതൊഴിലാളികൾക്ക് മറ്റൊരു റേറ്റാണ് ലോറിയിലോ ബോട്ടിലോ കയറ്റുന്ന തൊഴിലാളികൾക്ക് 112 രൂപ 46 പൈസയാണ് കൂലിയായിട്ട് നിശ്ചയിച്ചിട്ടുള്ളത്. പീസ് റേറ്റാണെങ്കിൽ മുപ്പതര സെന്റീമീറ്റർ ധാരത്തിന് 26 രൂപ .64 പൈസയാണ്. ചുറ്റികയുപയോഗിച്ച് ചെയ്യുന്ന ആൾക്കാണെങ്കിൽ 79 രൂപ 92 പൈസ. ഇതുപോലെ പാറ മെറ്റലായി ഉടയ്ക്കുന്നതിന് വിവിധ സൈസുകളിൽ 19 രൂപ 70 പൈസ, 12 രൂപ അങ്ങനെ വിവിധ അളവുകൾക്ക് പ്രത്യേകം പ്രത്യേകം റേറ്റുകൾ നിശ്ചയിച്ചിട്ടുണ്ട്. പക്ഷെ ഇതെല്ലാമുണ്ടെങ്കിലും അവർ സുരക്ഷിതരല്ല എന്നുള്ളതുകൊണ്ടാണ് എനിക്ക് ഈ ബിൽ അവതരിപ്പിക്കേണ്ടി വന്നത്.

ശ്രീ. എ. കെ. ബാലൻ: അങ്ങ് പറഞ്ഞത് unauthorised ക്വാറികളാണ് കേരളത്തിൽ മുഴുവനുള്ളത് എന്നാണ്. അവിടെ നിന്നൊരു explosion ഉണ്ടായിക്കഴിഞ്ഞാൽ യഥാർത്ഥത്തിൽ പോലീസ് കേസെടുക്കുന്നത് തൊഴിലാളികൾക്കെതിരായിട്ടാണ്. തൊഴിലാളികളുടെ കൈ നഷ്ടപ്പെട്ടാൽ, കാൽ നഷ്ടപ്പെട്ടാൽ Rational Negligent Act പ്രകാരം തൊഴിലാളികളുടെ ഭാഗത്താണെന്നു പറഞ്ഞുകൊണ്ട് തൊഴിലാളികളുടെ പേരിൽ ഐ.പി.സി. 30 പ്രകാരം കേസെടുക്കുകയാണ്. Unauthorised ക്വാറികളെ നിയന്ത്രിക്കുന്നതിന്, റെഗുലറൈസ് ചെയ്യുന്നതിന് നടപടിയെടുക്കേണ്ടവർ ഈ തൊഴിലാളികൾക്ക് യാതൊരു സംരക്ഷണവും കൊടുക്കുന്നില്ല എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അതുസംബന്ധിച്ച് പഠനം നടത്തുന്നതിന്.....

മി. ഡെ. സ്പീക്കർ : മണി 12.30 ആയി, അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം....ഓർഡർ .....ഓർഡർ.....

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly